# “ഓപ്പറേഷൻ റേഞ്ചർ“- 16-10-2020 തിയ്യതിയിൽ നടത്തിയ ജില്ല റേയ്ഡ്

തൃശ്ശൂർ റേഞ്ച് ഡെപ്യൂട്ടി പോലീസ് ഇൻസ്പെക്ടർ ജനറൽ ശ്രീ എസ് സുരേന്ദ്രൻ ഐ.പി.എസ്സ് ന്റെ “ഓപ്പറേഷൻ റേഞ്ചർ“ പദ്ധതിയുടെ ഭാഗമായി തൃശ്ശൂർ റൂറൽ പോലീസ് ജില്ലയിലെ വിവിധ പോലീസ് സ്റ്റേഷൻ പരിധികളിലെ ഗുണ്ടകളേയും സാമൂഹ്യവിരുദ്ധരെയും അമർച്ച ചെയ്യുന്നതിനു വേണ്ടി വിവിധ കേന്ദ്രങ്ങളിൽ 16.10.2020 തിയ്യതിയിൽ 68 റെയ്ഡുകളും. തുടർ പരിശോധനകളും നടത്തിയിട്ടുള്ളതാണ്.

## ഗുണ്ടാസംഘം പിടിയിൽ

ഇരിങ്ങാലക്കുട പോലീസ് സ്റ്റേഷൻ പരിധിയിലെ കോണത്ത്കുന്ന് കാരുമാത്രയിൽ വടിവാളും മാരകായുധങ്ങളുമായി വീട് കയറി അക്രമവും, ഭീകരാന്തരീക്ഷവും സൃഷ്ടിച്ച ശ്യാംലാൽ @ കോഴികട, സന്ദീപ്, നംജിത്ത്, അഖിൽ @ ചക്കര , സഹിൻദേവ് @ ചബ്ബു, സുബീഷ് @ ടുട്ടു, സന്ദീപ് കണ്ണികുളങ്ങര എന്നിവരെ ഒല്ലൂർ റെയിൽവേ ഗേറ്റിന് അടുത്ത് ഒളിച്ച് താസിക്കവെ ഇരിങ്ങാലക്കുട ഇൻസ്പെക്ടർ ജിജോയുടെ നേതൃത്വത്തിലുള്ള പോലീസ് സംഘം അറസ്റ്റ് ചെയ്തു.

**സുബീഷ് @ ടുട്ടു**



**സന്ദീപ് കണ്ണികുളങ്ങര**



**അഖിൽ @ ചക്കര**



**ശ്യാംലാൽ @ കോഴികട**



**സഹിൻദേവ് @ ചബ്ബു**



**സന്ദീപ് @ തക്കുടു**



**നംജിത്ത് @ ജിത്തു**



# ഗഞ്ചാവ്, വെടിമരുന്ന് എന്നിവയുമായി പ്രതി പിടിയിൽ

വരന്തരപ്പിള്ളി പേലീസ് സ്റ്റേഷൻ പരിധിയിൽ കള്ളിപറമ്പിൽ ആൽബിൻ എന്നയാളുടെ വീട്ടിൽ നടത്തിയ റെയ്ഡിൽ 550 Grm വെടിമരുന്ന് 190 Grm ഗഞ്ചാവ് മുതലായവ പിടികൂടി. ആൽബിൽ പാലക്കാട് കോങ്ങാട് പേലീസ് സ്റ്റേഷൻ പരിധിയിൽ വെച്ച് ദമ്പതികൾ സഞ്ചരിച്ച കാർ തടഞ്ഞ് ഭീഷണിപ്പെടുത്തി കവർച്ച നടത്തിയ കേസ്സിലെ പ്രതിയാണ്.

**ആൽബിൻ**



# മുൻകരുതൽ അറസ്റ്റ്

വാടാനപ്പിള്ളി, ചേർപ്പ്, കൊടകര, പുതുക്കാട്, ആളൂർ സ്റ്റേഷനുകളിലായി 16 പേരെ കരുതൽ അറസ്റ്റും, കാട്ടൂർ, വാടാനപ്പിള്ളി എന്നീ പോലീസ് സ്റ്റേഷനുകളിൽ നിന്നായി 2 ആളുകളുടെ പേരിൽ നല്ലനടപ്പിന് ജാമ്യം വാങ്ങുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുള്ളതാണ്.

ജില്ലാ പോലീസ് മേധാവി ആർ വിശ്വനാഥ് IPSന്റെ നിർദേശാനുസരണം, ബന്ധപ്പെട്ട ഡി.വൈ.എസ്.പി.മാരുടേയും, സ്റ്റേഷൻ ഹൗസ് ഓഫീസർമാരുടേയും നേതൃത്വത്തിലാണ് റെയ്ഡുകളും, പരിശോധനകളും നടത്തിയിട്ടുള്ളത്.

.